## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 965 — 7.2.2013 ന് മറുപടിയ്ക്ക്.

### പ്ലേസ്മെന്റ് പോർട്ടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ശിവദാസൻ നായർ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ.വി.റ്റി. ബൽറാം :<br>ശ്രീ.പി.എ. മാധവൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ കളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കമോ; | (എ) നടപ്പാക്കിയിട്ടുണ്ട്. www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ വന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിശദാംശങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് ജോബ് പോർട്ടൽ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഇതിന്റെ ഫലമായി കേരളത്തിൽ ആദ്യമായി ഒരു സ്കിൽ രജിസ്റ്റർ രൂപം കൊള്ളുകയാണ്. സ്കിൽ പരിശീലനം നേടിയവർക്ക് അവരവരുടെ സ്കിൽസിന് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് സഹായിക്കുന്നതുമൂലം കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

(സി) തൊഴിലവസരങ്ങൾ കണ്ടെത്തു ന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്;

(സി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ പരിചയസമ്പന്നരായ ഏതൊരു ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഉടമയ്ക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന ഉയർന്ന അധിക സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽദാദാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുവാനും/അറിയിക്കുവാനും സംവിധാനം ഉണ്ട്. തൊഴിൽ ദാദാക്കളെയും തൊഴിൽ അന്വേഷകരേയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ നൽകുവാൻ സാധിക്കും.

(ഡി) എല്ലാ ഐ.റ്റി.ഐ കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ ?

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.ടി.ഐ. കളിലും നടപ്പിലാക്കേണ്ട ആവശ്യമില്ല. കംപ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. എല്ലാ ഐ.ടി.ഐ. കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും പ്രചാരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ